REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-10-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും.
- PM ശ്രീ പദ്ധതിയിൽ നിന്ന് കേരളം പിന്മാറുന്നത് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് തിരിച്ചടിയാകുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.
- സംസ്ഥാനത്തെ ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്ന് മന്ത്രി V.N വാസവൻ.
- നെല്ലുസംഭരണ വിഷയത്തിൽ മില്ലുടമകളുമായി ചർച്ച തുടരുമെന്ന് മന്ത്രി GR അനിൽ.
- ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിലെ രണ്ടാം സെമിയിൽ, ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഗുജറാത്തിലെത്തും. ബിഹാറിലെ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്ത ശേഷം തിരിച്ചെത്തുന്ന അദ്ദേഹം, കെവാഡിയയിലെ ഏകതാ നഗറിൽ, ആയിരത്തി 140 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നാടിന് സമർപ്പിക്കും. മറ്റു ചില പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.**

**സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങളിൽ നാളെ പ്രധാനമന്ത്രി പങ്കെടുക്കും.**

✪✪✪

സർദാർ വല്ലാഭായ് പട്ടേലിന്റെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് നാളെ ഗുജറാത്തിലെ കെവാഡിയയിൽ ദേശീയ ഐക്യ ദിനാചരണ പരേഡ് സംഘടിപ്പിക്കുമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി ഏകതാനഗറിലെ പരേഡ് ഉദ്ഘാടനം ചെയ്യും. 'ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് ' സങ്കല്പത്തിന്റെ പ്രതീകമായ പരേഡ്, ന്യൂഡൽഹിയിലെ റിപ്പബ്ലിക് ദിന പരേഡിന്റെ മാതൃകയിലായിരിക്കും സംഘടിപ്പിക്കുക. കേന്ദ്ര സായുധ സേനയ്ക്കൊപ്പം പൊലീസും, രാജ്യത്തെ കലാപ്രവർത്തക സംഘങ്ങളും പരേഡിൽ പങ്കുചേരും. സ്വാതന്ത്ര്യസമര പോരാളിയും, ഇന്ത്യയുടെ ഏകീകരണത്തിൽ നിർണായക പങ്കുവഹിച്ച ആഭ്യന്തരമന്ത്രിയുമായിരുന്നു സർദാർ വല്ലാഭായ് പട്ടേൽ. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നാണ് പട്ടേലിനെ വിശേഷിപ്പിക്കുന്നത്.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ആം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട്ട് മേരാ യുവ ഭാരതും NSS ഉം പരിപാടികൾ സംഘടിപ്പിക്കും.

നാളെ രാവിലെ ബീച്ചിലെ ഏകതാ പദയാത്രയിൽ 600 യുവാക്കളെ പങ്കെടുപ്പിക്കും. ആഘോഷങ്ങലുടെ ഭാഗമായി റീൽ - ലേഖന - ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ആസിയാൻ രാജ്യരക്ഷാമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് മലേഷ്യയിലേക്ക് യാത്ര തിരിക്കും. ശനിയാഴ്ചയാണ് യോഗം. "ആസിയാൻ അംഗരാജ്യങ്ങളും ഇന്ത്യയും തമ്മിൽ പ്രതിരോധ, സുരക്ഷാ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും 'ആക്ട് ഈസ്റ്റ് പോളിസി' മുന്നോട്ട് കൊണ്ടുപോകുന്നതിനുമാണ് യോഗം ലക്ഷ്യമിടുന്നത്.

✪✪✪

ആര്യ സമാജ സ്ഥാപകൻ ദയാനന്ദ സരസ്വതിയ്ക്ക് ചരമവാർഷികത്തിൽ കേന്ദ്ര മന്ത്രി അമിത്ഷാ ശ്രദ്ധാഞ്ജലി അർപ്പിച്ചു. വേദങ്ങൾ ലളിതമായ ഭാഷയിൽ ജനങ്ങളിലേക്കെത്തിക്കുന്നതിൽ ദയാനന്ദ സരസ്വതി വലിയ പങ്കുവഹിച്ചെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും

ഉന്നമനത്തിനുവേണ്ടി നിരവധി പ്രവർത്തനങ്ങളാണ് ദയാനന്ദ സരസ്വതി നടത്തിയതെന്നും  ആഭ്യന്തരമന്ത്രി അനുസ്മരിച്ചു.

✪✪✪

PM ശ്രീ പദ്ധതിയിൽ നിന്ന് കേരളം പിന്മാറുന്നത്  സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വലിയ തിരിച്ചടിയാകുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഗവൺമെന്റ്-സ്കൂളുകളെ തകർക്കാനാണ് ഈ പിൻമാറ്റമെന്നും, ഇത് തുടർന്നാൽ വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലെ സ്കൂളുകളെ തേടിപ്പോകുന്ന സാഹചര്യമുണ്ടാകുമെന്നും സഹമന്ത്രി കാസർകോട്ട് പറഞ്ഞു. പദ്ധതി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നത് സ്വാഗതാർഹമാണെന്നും, ഈ കരാറിൽ നിന്ന് പിന്മാറില്ലെന്നാണ് കരുതുന്നതെന്നും ജോർജ് കുര്യൻ  അറിയിച്ചു.

2022-23 കാലയളവിൽ കേന്ദ്രഗവൺമെന്റ് സ്കൂളുകളുടെ വികസനത്തിന് സംസ്ഥാനത്തിന് കേന്ദ്രം നൽകിയത് 1,071 കോടി രൂപയാണെന്ന് ജോർജ് കുര്യൻ പറഞ്ഞു. അതുകൊണ്ടാണ് കേരളത്തിലെ സ്കൂളുകൾ സ്മാർട്ട്  ആയതെന്നും അദ്ദേഹം വിലയിരുത്തി. PMശ്രീയിൽ  നിന്ന് പിന്മാറിയാൽ സംസ്ഥാനത്തെ ഗവൺമെന്റ് -സ്കൂളുകൾക്ക് പുരോഗതി ഉണ്ടാകില്ലെന്നും ജോർജ് കുര്യൻ പറഞ്ഞു.

നേരത്തെ,  കാസർകോട് ഹാർബർ  ജോർജ് കുര്യൻ  സന്ദർശിച്ചു.

✪✪✪

PM ശ്രീയുമായി ബന്ധപ്പെട്ട് മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം തട്ടിപ്പാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ മാധ്യമങ്ങളോടു പറഞ്ഞു. ആരോടും ചർച്ച ചെയ്യാതെ രഹസ്യമായി PM ശ്രീയിൽ ഒപ്പിട്ടതിനു ശേഷം ഉപസമിതി പരിശോധിക്കും എന്ന് പറയുന്നത് CPI യെ കബളിപ്പിക്കാനാണെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു. പുതുതായി ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചത് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണെന്നും, നാലര വർഷമായി ക്ഷേമപെൻഷൻ  ഒരു രൂപ പോലും കൂട്ടാൻ  ഗവൺമെന്റിന് കഴിഞ്ഞില്ലെന്നും,  പലപ്പോഴും പെൻഷനുകൾ മുടങ്ങിയെന്നും സതീശൻ പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ നടപ്പാക്കാൻ ജനങ്ങളിൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കില്ലെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെയാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നതെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

പിണറായി വിജയൻ പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടു മാത്രമാണെമന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ന്യൂഡൽഹിയിൽ പറഞ്ഞു. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ മാത്രം ജനങ്ങളുടെ ക്ഷേമത്തെക്കുറിച്ച് ഓർക്കുന്ന ഗവൺമെന്റുകൾ തമ്മിൽ വ്യത്യാസമില്ലെന്ന് KC വേണുഗോപാൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ അമീബിക് മസ്തിഷ്ക ജ്വര സാഹചര്യം പഠിക്കാനെത്തിയ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘത്തിന്റെ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പര്യടനം തുടരുന്നു. കോഴിക്കോട് മെഡിക്കൽ കോളെജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും, ആരോഗ്യ വകുപ്പും സംഘത്തോടൊപ്പമുണ്ട്. കൊല്ലം, തിരുവനന്തപുരം ജില്ലകളിലും ICMR സംഘം പര്യടനം നടത്തും.

✪✪✪

സംസ്ഥാനത്തെ ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കണ്ണൂർ അഴീക്കൽ തീരദേശ സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാഹന ഗതാഗത ബാഹുല്യം കുറയ്ക്കാനും, വായു മലിനീകരണം തടയാനും ചരക്ക് ഗതാഗത വേഗം വർദ്ധിപ്പിക്കാനും ഇതിലൂടെ സാധിക്കുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഉൾനാടൻ ജലഗതാഗതത്തിനും മുന്തിയ പരിഗണനയാണ് നൽകുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

നെല്ലുസംഭരണ വിഷയത്തിൽ മില്ലുടമകളുമായി ചർച്ച തുടരുമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവെച്ച വ്യവസ്ഥകൾ അംഗീകരിക്കാൻ കഴിയില്ലെന്ന് മില്ലുടമകൾ അറിയിച്ചിട്ടുണ്ടെന്നും, ഇക്കാര്യം ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത്

അറിയിച്ചു. നെല്ല് സംഭരണത്തിൽ മുൻപും പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടെങ്കിലും അപ്പോഴെല്ലാം ഉദാരമായ സമീപനം സ്വീകരിച്ചിട്ടുണ്ടെന്നും G R അനിൽ വ്യക്തമാക്കി. മില്ലുടമകളുമായി തുടർ ചർച്ചയുടെ തീയതി തീരുമാനിച്ചിട്ടില്ലെന്നും, കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഗവൺമെന്റ് മുഖ്യപരിഗണന നൽകുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ICC വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിലെ രണ്ടാം സെമിയിൽ, ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. നവി മുംബൈയിലെ ഡോ. DY പാട്ടീൽ സ്പോർട്സ് അക്കാദമി ഗ്രൗണ്ടിൽ ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം. ഇന്നത്തെ ജേതാക്കളായിരിക്കും ടൂർണമെന്റിലെ രണ്ടാം ഫൈനലിസ്റ്റ്. ആകാശവാണി, മത്സരത്തിന്റെ ദൃക്സാക്ഷിവിവരണം രണ്ടരമുതൽ ഇംഗ്ലീഷിലും ഹിന്ദിയിലും പ്രക്ഷേപണം ചെയ്യും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ നാലാം റൗണ്ടിലെ അവസാന മത്സരത്തിൽ നാളെ ഫോഴ്സ കൊച്ചി FC, തൃശൂർ മാജിക് FCയെ നേരിടും. എറണാകുളം മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

സൂപ്പർ കപ്പ് ഫുട്ബാളിൽ, കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് രാജസ്ഥാൻ യുണൈറ്റഡിനെ നേരിടും. മഡ്ഗാവിലെ ബാംബോലിം GMC സ്റ്റേഡിയത്തിൽ വൈകീട്ട് 4.30നാണ് മത്സരം.

✪✪✪

പൊന്നാനി-തൃശൂർ മേഖലയിൽ വേനൽക്കാലത്തും വെള്ളം കിട്ടാനും പുഞ്ച കൃഷിക്ക് വെള്ളം ശേഖരിക്കാനും ഭൂഗർഭ ജലനിരപ്പ് ഉയർത്താനും ഭാരതപ്പുഴ ബിയ്യം കായൽ ലിങ്ക് പദ്ധതിയ്ക്ക് കഴിയുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മലപ്പുറത്ത് നിന്ന് സുരേഷ് ബാബു ........

.....................(വോയ്സ്)...........

✪✪✪

ഈ വർഷത്തെ മലയാളദിന-ഭരണ ഭാഷാ വാരാഘോഷത്തിന്റെ സംസ്ഥാനതല ചടങ്ങ് നവംബർ ഒന്നിന് തിരുവനന്തപുരം ദർബാർ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ, മുൻ ചീഫ് സെക്രട്ടറി ഡോ. VP ജോയ് മുഖ്യപ്രഭാഷണം നടത്തും. മലയാളഭാഷയ്ക്ക് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് സരസമ്മ KK., ഡോ. M.M ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും.

✪✪✪

മികച്ച കവിതാസമാഹാരത്തിന് തളി മഹാക്ഷേത്രവും രേവതി പട്ടത്താന സമിതിയും നൽകി വരുന്ന 'കൃഷ്ണഗീതി ' പുരസ്കാരത്തിന് കാവാലം ശശികുമാർ അർഹനായി. 'നഗരവൃക്ഷത്തിലെ കുയിൽ' എന്ന കവിതാ സമാഹാരമാണ് അവാർഡിന് അർഹമായത്.

പട്ടത്താന സമിതിയുടെ 'മനോരമതമ്പുരാട്ടി പുരസ്കാര'ത്തിന് തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജ് ജ്യോതിഷ വിഭാഗം മേധാവി ഡോ. EN. ഈശ്വരനും, കൃഷ്ണനാട്ട കലാകാരന്മാർക്ക് ഏർപ്പെടുത്തിയ പട്ടത്താന സമിതിയുടെ കുട്ടിയനുജൻ രാജ പുരസ്കാരത്തിന് ഗുരുവായൂർ കൃഷ്ണനാട്ട വേഷ വിഭാഗം ആശാനായിരുന്ന കെ. സുകുമാരനും അർഹരായി.

നവംബർ -4ന് കോഴിക്കോട്ട് രേവതി പട്ടത്താന സദസ്സിൽ പുരസ്കാരങ്ങൾ സമ്മാനിക്കും.

✪✪✪

ഡോ. A അച്ചുതൻ അനുസ്മരണവും പരിസ്ഥിതി സെമിനാറും ഉച്ചകഴിഞ്ഞ് കോഴിക്കോട് ചാവറ ഓഡിറ്റോറിയത്തിൽ നടത്തും. ‘നഗരവത്കരണം ഉയർത്തുന്ന വെല്ലുവിളികൾ - കേരളത്തിന്റെ സാധ്യതകൾ എന്ന വിഷയത്തിൽ കോഴിക്കോട് NIT യിലെ ഡോ. PP അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തും.

✪✪✪

കേരള ക്ഷേത്രകലാ അക്കാദമിയുടെ 2023-24 ലെ പുരസ്കാരങ്ങൾ ഉച്ചക്ക് കണ്ണൂരിൽ വിതരണം ചെയ്യും. മാടായി ബാങ്ക് ഓഡിറ്റോറിയത്തിൽ മന്ത്രി VN. വാസവൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും. 52 കലാകാരൻമാരെയാണ് പുരസ്കാരം നൽകി ആദരിക്കുന്നത്.

✪✪✪

**സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ജില്ലയിലും പ്രത്യേക ജാഗ്രതാ നിർദേശമില്ല.**

✪✪✪

**ശബരിമല സ്വർണ്ണ കവർച്ച കേസിൽ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. അൽപ്പസമയത്തിനകം  ഇയാളെ റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും: കസ്റ്റഡി കാലാവധി നീട്ടി കിട്ടാനായി അന്വേഷണ സംഘംകോടതിയിൽ അപേക്ഷ നൽകിയേക്കും.**

✪✪✪

---

*News Editor:  വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs :,അനിൽ ചന്ദ്രൻ*
*DEO : ഷീബ*